ബാങ്കുകൾക്ക് വേണ്ടിയിരുന്നത്. ആയതിനാൽ ഒരു മാതൃകാചട്ടം സഹകരണ വകുപ്പ് തയ്യാറാക്കി ബാങ്കുകൾക്ക് നൽകുകയും ബാങ്കുകൾ അത് അംഗീകരിച്ച് കമ്മിഷനെ അറിയിക്കുകയും ചെയ്തു. ഈ സംഗതിയിൽ സർക്കാർ നടപടികൾ എല്ലാംതന്നെ പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. ഇനി അപേക്ഷ ക്ഷണിച്ച് റാങ്ക്ലിസ്റ്റ് തയ്യാറാക്കി നിയമനം നടത്തേണ്ട ചുമതല പി.എസ്.സി.ക്കാണ്. അത് എത്രയും പെട്ടെന്ന് പൂർത്തിയാക്കാനുള്ള നിർദ്ദേശം പി.എസ്.സി.ക്ക് നൽകിയിട്ടുണ്ട്.

(7) താറാവുകൾക്കുണ്ടാകുന്ന അജ്ഞാത രോഗം

ശ്രീ. എം. മുരളി : സർ, നമ്മുടെ സംസ്ഥാനത്ത് ഏതാണ്ട് 50,000 ത്തോളം കുടുംബങ്ങൾ താറാവുകൃഷിയിലൂടെ ഉപജീവനം നടത്തുന്നവരാണ്. പ്രധാനമായും കുട്ടനാട്ടിലും അപ്പർ കുട്ടനാട്ടിലുമാണ് താറാവുകർഷകർ അധിവസിക്കുന്നത്. കഴിഞ്ഞ മൂന്നുനാല് ആഴ്ചക്കാലമായി അപ്പർ കുട്ടനാട് മേഖലയിലെ താറാവുകൾ കൂട്ടത്തോടെ ചത്തൊടുങ്ങിക്കൊണ്ടിരിക്കുകയാണ്. എല്ലാ വർഷവും അജ്ഞാതമായ ഒരു രോഗം കാരണം ലക്ഷക്കണക്കിന് താറാവുകൾ ചത്തുവീഴാറുണ്ട്. മൃഗസംരക്ഷണ വകുപ്പ് ഇതിനെതിരേ നടപടികൾ സ്വീകരിക്കാറുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത്, അതായത് ശ്രീ. ഉമ്മൻചാണ്ടി ധനകാര്യവകുപ്പുമന്ത്രിയായിരുന്നപ്പോൾ താറാവുകർഷകർക്ക് ഒരു ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തിയെങ്കിലും ആ പദ്ധതിയുടെ പ്രയോജനം താറാവുകർഷകർക്ക് ലഭിച്ചിട്ടില്ല. കഴിഞ്ഞ ഒരു മാസക്കാലമായി ഏതാണ്ട് 5 ലക്ഷത്തോളം താറാവ് ഇപ്പോഴത്തെ പുതിയ രോഗത്തിലൂടെ ചത്തൊടുങ്ങുകയുണ്ടായി. ബാങ്ക് വായ്പകൾ വാങ്ങി താറാവുകൃഷി നടത്തിവരുന്ന കർഷകർ ഇന്ന് നട്ടംതിരിയുകയാണ്. അവർ ഇന്ന് ജപ്തിയുടെ ഭീഷണിയിലാണ്. അതുകൊണ്ട് താറാവ് നഷ്ടപ്പെട്ട കർഷകർക്ക് അടിയന്തിരമായി സാമ്പത്തികസഹായം ഉൾപ്പെടെയുള്ള നഷ്ടപരിഹാരം കൊടുക്കുകയും എഫക്ടീവായിട്ടുള്ള ഒരു ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കുകയും വേണം.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, വളരെ ഗൗരവമുള്ള ഒരു വിഷയമാണിത്. ഇതിനുമുമ്പ് ഈ വിഷയം സംബന്ധിച്ച് ഡോ. കെ.സി. ജോസഫും ഉന്നയിച്ചതാണ്. അപ്പർ കുട്ടനാട്ടിലും ചെന്നിത്തലയിലുമുള്ള താറാവുകൾക്ക് രോഗം വന്നു. ആ രോഗത്തിൽ ഏകദേശം 50,000 താറാവുകൾ ചത്തിട്ടുണ്ട്. വെറ്ററിനറി കോളേജിലേയും മൃഗസംരക്ഷണ വകുപ്പിലേയും ഉദ്യോഗസ്ഥന്മാർ ചത്ത താറാവുകളെ പരിശോധിച്ചപ്പോൾ പ്രധാനമായും രണ്ട് രോഗകാരണങ്ങളാണ് കണ്ടുപിടിച്ചത്. ഒന്ന്, പലയിടത്തുനിന്നും കൊണ്ടുവരുന്ന താറാവുകൾ ആയതുകൊണ്ട് വൈറസ് ഇൻഫെക്ഷൻ വ്യാപിച്ചതാണ്. രണ്ട്, മൃഗാശുപത്രികളിൽ നല്ല മരുന്ന് ഉണ്ടെങ്കിൽപ്പോലും അത് കുത്തിവയ്ക്കാതെ മറ്റ് പ്രൈവറ്റ് കമ്പനികളിൽനിന്നും കൊണ്ടുവരുന്ന മരുന്ന് കുത്തിവച്ച്, അതിന് യാതൊരു എഫക്ടും ഇല്ലാതെവരുന്നു എന്നുള്ളതാണ്. അതുകൊണ്ട് താറാവുകളെ സംരക്ഷിക്കുന്നതിന്... കഴിഞ്ഞതവണ ഞാൻ മന്ത്രിയായിരുന്നപ്പോഴും ഈ ഇൻഷ്വറൻസ്സ്കീമിനെപ്പറ്റി പറഞ്ഞു. ഇൻഷ്വറൻസ് കമ്പനിക്കാർ പറഞ്ഞത് ഇത് ഐഡന്റിഫൈ ചെയ്യാൻ കഴിയുകയില്ല. ഇന്ന് അവിടെ ഉള്ള താറാവിനെ നാളെ ഇവിടെ കാണില്ല എന്നാണ്. എങ്ങനെയാണെന്നൊന്നും അറിയാൻ സാധിക്കുന്നില്ല. ഇവരെ സഹായിക്കാനുള്ള ഒരു പദ്ധതിയും ആരംഭിക്കാൻ ഗവൺമെന്റിനു ഇതുവരെ സാധിച്ചിട്ടില്ല. സി.എം.ന്റെ വീട്ടിലെ താറാവിന്റെ പ്രശ്നമാണ് അദ്ദേഹം പറയുന്നത്. സി.എം.ന്റെ വീട്ടിലെ താറാവിന്റെ പ്രശ്നം ഇപ്പോൾ ഇവിടെവച്ച് പരിഹരിക്കാൻ പറ്റില്ല. ഏതായാലും ഈ പ്രശ്നത്തിൽ അവർ സിമ്പതി അർഹിക്കുന്നുണ്ട്. നഷ്ടപരിഹാരം കൊടുക്കാനുള്ള ഒരു

LIBRARY ARCHIVES Kerala Legislative Assembly

സ്കീമും ആയിട്ടില്ല. അതിൽ ഏറ്റവും പ്രധാന ഘടകം, ഐഡന്റിഫൈ ചെയ്യാൻ പറ്റുന്നില്ല എന്നുള്ളതാണ്. ഒരാളുടെ 5000 താറാവ് ചത്തുപോയി എന്നു പറഞ്ഞാൽ എവിടെനിന്നാണ് ഈ രോഗം വന്നത്, എങ്ങനെയാണ് എന്നറിയാൻ പറ്റുന്നില്ല. ഏതായാലും പശുക്കൾക്കൊക്കെ ഇങ്ങനെ സംഭവിക്കുമ്പോൾ ഇൻഷ്വറൻസ് സ്കീം ഏർപ്പെടുത്തിയതുപോലെ താറാവുകർഷകർക്ക് ആശ്വാസകരമായിട്ടുള്ള എന്തെങ്കിലും ഒരു സ്കീം ഏർപ്പെടുത്തുന്ന കാര്യം ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

(8) നാവായിക്കുളം പഞ്ചായത്തിൽ കാലവർഷക്കെടുതികൾമൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ

<u>ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ</u> : സർ, കിളിമാനൂർ നിയോജക മണ്ഡലത്തിലെ നാവായിക്കുളം പഞ്ചായത്തിൽ കാഞ്ഞിരംവിള, എള്ളൂർക്കോണം പ്രദേശങ്ങളിൽ കഴിഞ്ഞ ശനിയാഴ്ച രാത്രി ഏകദേശം രണ്ട് മണിക്ക് ഉണ്ടായ ചുഴലിക്കൊടുങ്കാറ്റിൽ 40 ഓളം വീടുകൾ ഭാഗികമായി തകർന്നുപോകുകയും വൈദ്യുതി, ടെലിഫോൺ പോസ്റ്റുകൾ നിലംപതിച്ച് വൈദ്യുതിവിതരണം നിലയ്ക്കുകയും ടെലിഫോൺ ബന്ധം വിച്ഛേദിക്കപ്പെടുകയും ചെയ്യുകയുണ്ടായി. വീടുകൾക്ക് പൊട്ടലുകളും വിള്ളലുകളും സംഭവിച്ചിട്ടുണ്ട്. ഓടു മേഞ്ഞ വീടുകളുടെ ഓടും ആസ്ബസ്റ്റോസ് മേഞ്ഞ വീടുകളുടെ ആസ്ബസ്റ്റോസുമൊക്കെ അതിശക്തമായ കൊടുങ്കാറ്റിൽ പറന്നുപോയി. കൂടാതെ ചേന, മരച്ചീനി, വാഴ, കുരുമുളക് തുടങ്ങിയ കാർഷികവിളകൾക്കും നാശനഷ്ടം ഉണ്ടായിട്ടുണ്ട്. നാവായിക്കുളം പഞ്ചായത്തിൽ വീശിയടിച്ച അതിശക്തമായ ചുഴലിക്കൊടുങ്കാറ്റ് ഈ ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിലെ ചില പ്രദേശങ്ങളിലും ഉണ്ടായി. അവിടങ്ങളിലും വമ്പിച്ച നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. മുതിർന്നവർ പറയുന്നത് 100 വർഷങ്ങൾക്കുള്ളിൽ ഇതുപോലുള്ള ഒരു ചുഴലിക്കൊടുങ്കാറ്റ് ഉണ്ടായിട്ടില്ല എന്നാണ്. ഇത്ര വലിയ പ്രകൃതിക്ഷോഭത്തിന് ഇരയായവരുടെ വീടുകൾക്കും കാർഷികവിളകൾക്കും ഉണ്ടായ നാശനഷ്ടങ്ങൾ എത്രയും പെട്ടെന്ന് തിട്ടപ്പെടുത്തി അവർക്ക് ആവശ്യമായ സാമ്പത്തിക സഹായവും മറ്റ് സഹായങ്ങളും ചെയ്യാൻ നടപടി സ്വീകരിക്കണമെന്ന് ഞാൻ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.ഇ. ഇസ്മയിൽ)</u> : സർ, തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് താലൂക്കിൽ നാവായിക്കുളം വില്ലേജിൽ കാഞ്ഞിരംവിള, വെള്ളൂർക്കോണം എന്നീ പ്രദേശങ്ങളിലാണ് 17-ാം തീയതി 3.30-ന് ശക്തമായ മഴയും ചുഴലിക്കാറ്റുമുണ്ടായത്. കാഞ്ഞിരംവിള ഭാഗത്ത് 40 വീടുകളും വെള്ളൂർക്കോണം ഭാഗത്ത് 5 വീടുകളും ഭാഗികമായി നശിച്ചിട്ടുണ്ട്. വീടിന്റെ ഓടുകൾ ധാരാളം പൊട്ടി, ചുമരിടിഞ്ഞു. ഇത്തരത്തിലാണ് നാശനഷ്ടമുണ്ടായത്. ടെലിഫോൺ പോസ്റ്റുകൾക്കും, ഇലക്ട്രിക് പോസ്റ്റുകൾക്കും തകരാറ് പറ്റിയിട്ടുണ്ട്. അത്തരം സംഭവങ്ങൾ അതാതു ഡിപ്പാർട്ടുമെന്റ് പരിശോധിച്ച് പരിഹാരമുണ്ടാക്കുന്നതിന് ശ്രമിക്കുന്നുണ്ട്. തെങ്ങ്, മാവ്, പ്ലാവ്, തുടങ്ങിയ മരങ്ങൾ കടപുഴകി വീണിട്ടുണ്ട്. അതുപോലെ കൃഷിയിനങ്ങളായ മരച്ചീനി, വാഴ തുടങ്ങിയ കാർഷികവിളകൾക്കും നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. ഏകദേശം 10 ലക്ഷംരൂപയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്നാണ് പ്രാഥമികമായ വിവരങ്ങൾ. കാർഷിക വിളകൾക്കുണ്ടായിട്ടുള്ള നഷ്ടങ്ങളുടെ കണക്ക് പരിശോധിച്ചുവരികയാണ്. വീടുനഷ്ടപ്പെട്ടവർക്ക് അടിയന്തിരസഹായം നൽകുന്നതിന് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. കഴിയുന്നതുംവേഗം

LIBRARY ARCHIVES Kerala Legislative Assembly